**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1917** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണപ്രവൃത്തിക്ക് ബഹു.ബാലുശ്ശേരി നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസനഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് കായികവകുപ്പിന്റെ പദ്ധതി വിഹിതം ആനുപാതികമായി ഉൾപ്പെടുത്തി 11.01.2024ലെ എ3-7941/23 നമ്പർ നടപടിക്രമം പ്രകാരം കായികയുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്തഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, സിന്തറ്റിക് ടർഫ്, ടോയ്ലറ്റോട് കൂടിയ ഡ്രസ്സ് ചെയിഞ്ചിംഗ് റൂം, ചുറ്റുവേലി, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ടി പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ